എടക്കര എ.എസ്.വി.യു.പി. സ്കൂളിലെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തുക

154(448) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ എടക്കര എ.എസ്.വി.യു.പി. സ്കൂളിലെ വാർഷിക അറ്റകുറ്റപണികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്തിന് പ്രത്യേക ഫണ്ടായി അനുവദിക്കുന്നതിനും, ഗ്രാമപഞ്ചായത്തിന് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിൽനിന്നും ആവശ്യമായ തുക ചെലവഴിക്കുന്നതിനും പ്രത്യേക അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി തസ്തിക ഏകീകരണം

155(447) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി തസ്തിക ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി സെക്രട്ടറി തസ്തികകൾ ഏകീകരിക്കുന്ന കാര്യത്തിലും ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

വയനാട് ജില്ലയിലെ നഗരവികസന പരിപാടികൾ

156(448) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പദ്ധതി ഇനത്തിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രധാന നഗരവികസന പരിപാടികളുടെ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിലെ നഗരവികസന പരിപാടികൾ അവലോകനം ചെയ്യുന്നതിന് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വിളിച്ചുചേർത്ത അവലോകന യോഗങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയിൽ പരിഗണനയിലുള്ള നഗരവികസന പരിപാടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കുടുംബശ്രീ മുഖാന്തരം സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ.) ദേശീയ ചേരി വികസന പദ്ധതി (എൻ.എസ്.ഡി.പി.) വാംബേ, അഗതി, ആശ്രയ എന്നീ പദ്ധതികളാണ് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ നഗരതലത്തിൽ നടപ്പാക്കിയിട്ടുള്ളത്. എസ്.ജെ.എസ്.ആർ.വൈ. പദ്ധതി പ്രകാരം 1,26,09,985 രൂപ ചെലവഴിച്ചു സ്വയം തൊഴിൽ സബ്സിഡി, അയൽക്കൂട്ട ശാക്തീകരണ പ്രവർത്തനങ്ങൾ, വിവിധ പരിശീലനങ്ങൾ, ഭരണപരമായ ചെലവുകൾ എന്നിവയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. എൻ.എസ്.ഡി.പി. പദ്ധതി പ്രകാരം നടപ്പാത നിർമ്മാണം, ഡ്രെയിനേജ് നിർമ്മാണം, വീട് വയറിംഗ് എന്നിവയ്ക്കായി 36,29,553 രൂപ ചെലവഴിച്ചു. വാംബേ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 247 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1,21,18,750 രൂപ ചെലവായിട്ടുണ്ട്. കൂടാതെ വാംബേ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിനായി 17,20,000 രൂപ ചെലവായിട്ടുണ്ട്. അഗതി, ആശ്രയ പദ്ധതി പ്രകാരം 62 അഗതികളെ കണ്ടെത്തി അവർക്കാവശ്യമായ ഭൂമി, വീട് നിർമ്മാണം, വീട് റിപ്പയറിംഗ്, സ്വയംതൊഴിൽ, കുടിവെള്ളം, ക്ഷേമനം, ചികിത്സ എന്നീ ഇനങ്ങളിലായി 12,72,225 രൂപ ചെലവഴിച്ചിട്ടുണ്ട്.

കൽപ്പറ്റ നഗരസഭയ്ക്ക് ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിന് ക്ലീൻ കേരള മിഷനിൽ (ഇപ്പോൾ ശുചിത്വ മിഷൻ) നിന്നും 51.32 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് സാങ്കേതിക അംഗീകാരം നൽകുകയും മിഷന്റെ ഭാഗത്ത് നിന്നും സാമ്പത്തിക സഹായമായി 28 ലക്ഷം രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിലൂൾപ്പെടുത്തി വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയിൽ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

വിവിധ നഗരവികസന പദ്ധതികൾ രൂപീകരണ ഘട്ടത്തിലാണ്. കൽപ്പറ്റ നഗരസഭയ്ക്കുവേണ്ടി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള വിശദ നഗരഘടന പദ്ധതികൾ (DTP Scheme – 4 Nos.) പ്രകാരം വികസന പ്രവർത്തനങ്ങൾ ക്രമീകരിച്ചുവരുന്നു.

(ബി) കുടുംബശ്രീയുടെ, ജില്ലാ മിഷന്റെ പ്രതിമാസ അവലോകന യോഗങ്ങൾ, സി.ഡി.എസ്. എക്സിക്യൂട്ടീവ് യോഗങ്ങൾ, സി.ഡി.എസ്. വാർഷിക പൊതു യോഗങ്ങൾ, കുടുംബശ്രീ വിലയിരുത്തൽ സമിതി എന്നീ യോഗങ്ങളിലും വാംബേ പദ്ധതിക്ക് മാത്രമായി വാംബേ മോണിറ്ററിംഗ് യോഗവും യഥാസമയങ്ങളിൽ ചേർന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയുടെ അവലോകനയോഗം നഗരസഭാ തലത്തിലും മറ്റ് സ്കീമുകൾക്കൊപ്പം നഗരവികസന വകുപ്പ് ഡയറക്ടർ വിളിച്ചുചേർക്കുന്ന മാസാവലോകന യോഗത്തിലും നടത്തി വരുന്നു.

ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ 17-7-2006 മുതൽ റിവ്യൂ/വർക്ക് ഷോപ്പുകളിൽ വിച്ച് ജില്ലയിലെ വിവിധ നഗരവികസന പദ്ധതികളുടെ അവലോകനം നടത്തി വരുന്നുണ്ട്.

(സി) കല്പറ്റ നഗരസഭയുടെ 1,72,00,000 രൂപയുടെ ഐ.എച്ച്.എസ്.ഡി.പി. പദ്ധതിക്ക് കേന്ദ്രാനുമതി 2010 മാർച്ചിൽ ലഭിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി സംസ്ഥാനത്തെ 20 നഗരസഭകളെ തെരഞ്ഞെടുത്തതിൽ കൽപ്പറ്റ നഗരസഭയും ഉൾപ്പെടുന്നു. നാഷണൽ അർബൻ സാനിട്ടേഷൻ പോളിസിയുടെ ഭാഗമായിട്ടാണ് സംസ്ഥാന സർക്കാർ ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നത് നഗരങ്ങളിൽ ശുചിത്വവും ആരോഗ്യകരവുമായ ജീവിതം ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി നഗരങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ നഗരസഭകളും നഗര ശുചിത്വ കർമ്മ പരിപാടി രൂപീകരിക്കുന്നു. ശുചിത്വ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കും കൽപ്പറ്റ നഗരസഭയുടെ സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

കൽപ്പറ്റ നഗരസഭയ്ക്കുവേണ്ടി 4 വിശദ നഗരാസൂത്രണ പദ്ധതികളുടെ കരട് തയ്യാറാക്കി 12-5-1997-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്കീമുകൾ കാലാനുസൃതമായി പരിഷ്കരിച്ച് പുനഃപ്രസിദ്ധീകരിക്കുന്നതിന് നഗരസഭ തീരുമാനിക്കുകയും ആയതിൻ പ്രകാരമുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ "32 നഗരസഭകൾക്ക് സമഗ്ര വികസന രൂപ രേഖ തയ്യാറാക്കൽ" പദ്ധതി പ്രകാരം കൽപ്പറ്റ നഗരസഭയ്ക്ക് വേണ്ടി സമഗ്ര വികസന രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ജില്ലകൾക്കുവേണ്ടി "സംയോജിത വികസന രൂപരേഖ (ഐ.ഡി.ഡി.പി)" പ്രാദേശിക വികസന രൂപരേഖ (എൽ.ഡി.പി.) തയ്യാറാക്കൽ പദ്ധതി പ്രകാരം വയനാട് ജില്ലയ്ക്കുവേണ്ടി സംയോജിത വികസന രൂപരേഖ തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബി.ഒ.ടി. അടിസ്ഥാനത്തിൽ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് എന്ന പദ്ധതി കൽപ്പറ്റ നഗരസഭയുടെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly